LIBRARY ARCHIVES Kerala Legislative Assembly

കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളുടെ സമഗ്ര വികസനത്തിനും പരിശീലനത്തിനുമായുള്ള പദ്ധതി നിർദ്ദേശം ഫെഡറേഷൻ വഴി നടപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതി നിർദ്ദേശം സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയുടെ കീഴിൽ സംഘങ്ങളുടെ പ്രവർത്തന അടിസ്ഥാനത്തിൽ തരംതിരിച്ച് നിഷ്ക്രിയ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതര വകുപ്പുകളുടെ കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളെയും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുന്നതാണ്. ഈ പദ്ധതി കൊണ്ട് എണ്ണൂറോളം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ശാക്തീകരണവും അതുവഴിയുള്ള സാമ്പത്തിക സാമൂഹിക വളർച്ചയും നേടുന്നതോടൊപ്പം ഉദ്ദേശം പതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.

പട്ടികജാതി വികസന വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ച തുക

105(851) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന വകുപ്പിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

2020-21 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന് സംസ്ഥാന പദ്ധതി വിഹിതമായി 1,41,779 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി 22,440 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

(ബി) 2021 മാർച്ച് 31 വരെ എത്ര രൂപയാണ് പട്ടികജാതി വികസന വകുപ്പ് ചെലവാക്കിയതെന്ന് വിശദമാക്കാമോ ?

2021 മാർച്ച് 31 വരെ (അധിക വകയിരുത്തലും റീ-അപ്രോപ്രിയേഷൻ തുകയും ഉൾപ്പെടെ) പട്ടികജാതി വികസന വകുപ്പ് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 1,24,788.01 ലക്ഷം രൂപയും കേന്ദ്രപദ്ധതി വിഹിതത്തിൽ നിന്നും 30562.77 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

വാത്സല്യനിധി ഗോത്ര വാത്സല്യനിധി പദ്ധതികൾ

106(852) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ ഉന്നമനത്തിനായി വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പേരുകളിൽ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?